# സഭ ആധുനിക ലോകത്തിൽ –2

**ഡോ. ഡൊമിനിക് വെച്ചൂർ, ബ്ര. തോമസ് തയ്യിൽ**

**iii)** മനുഷ്യമഹാകുടുംബം: ഈ ലോകത്തെ ഒരു കുടുംബമായും മനുഷ്യരെ അതിൽ വസിക്കുന്ന അംഗങ്ങളായും സഭ കാണുന്നു. ഈ കുടുംബത്തിലെ ഒരംഗമായി ദൈവവചനം അവതരിച്ചതുതന്നെ മനുഷ്യമഹത്ത്വം ഉയർത്തുന്നു. അവൻ സ്ഥാപിച്ച സഭയാണു മനുഷ്യ കൂട്ടായ്മയുടെ ഏറ്റവും നല്ല പതിപ്പ് – അങ്ങനെയാകണം. ഈ കുടുംബമൊന്നാകെ തീർത്ഥാടനത്തിലാണ്. മാനവരാശിയുടെ പ്രശ്നങ്ങൾക്കു സഭയിൽ ആശ്വാസമുണ്ട്. സന്തോഷം പങ്കിടാൻ വേദികളുണ്ട്. പരസ്പരം സഹായിച്ചും സഹകരിച്ചും മനുഷ്യമക്കൾ സ്നേഹബന്ധത്തിലാവുന്നതു ദൈവരാജ്യസ്ഥാപനമാണ്.

മനുഷ്യകുലത്തിനു സാംസ്കാരികമണ്ഡലങ്ങളിലും ചിന്താഗതികളിലും ശാസ്ത്രീയ സാങ്കേതികവൈജ്ഞാനികമണ്ഡലങ്ങളിലും ഉണ്ടാകുന്ന പരിവർത്തനങ്ങൾ അതിശീഘ്രവും അവഗാഢവുമാണ്. മാനവകുടുംബത്തിന്റെ നാഥൻ ദൈവമാണ്. സമ്പൽസമൃദ്ധിയും വിഭവങ്ങളും ധനശേഷിയും ഇന്നത്തെപ്പോലെ മനുഷ്യരാശിക്ക് ഒരിക്കലും ഉണ്ടായിട്ടില്ല. ആശയവിനിമയവും വർദ്ധിച്ച തോതിൽ നടക്കുന്നു. മെച്ചപ്പെട്ട ഭൗതികവ്യവസ്ഥിതിക്കായി മനുഷ്യൻ പരക്കംപായുമ്പോഴും മറുവശത്തു നല്ലൊരു ഭാഗവും പട്ടിണിയിലും അനാരോഗ്യത്തിലും നിരക്ഷരതയിലുമാണ് (n.4). തൊഴിലാളികളും കർഷകരും സ്ത്രീകളും ദരിദ്രരും ഒക്കെ സമത്വത്തിനായി യത്നിക്കുന്ന ഒരു നവബോധം ഇന്നുദയം ചെയ്തിട്ടുണ്ട്, ഉണ്ടാകേണ്ടതുമാണ്. എന്നാൽ സാഹോദര്യത്തിലേക്കും വിദ്വേഷത്തിലേക്കുമുള്ള വഴികൾ വിശാലമായതിനാൽ വിവേകമാവശ്യമാണ്. ത്രിത്വത്തിലെ സ്നേഹമാണ്, മാനവകുടുംബത്തിനു മാതൃക.

**iv)** വിവാഹത്തിന്റെയും കുടുംബത്തിന്റെയും ശ്രേഷ്ഠത: സമൂഹത്തിന്റെയും സഭയുടെയും അടിത്തറയായ വിവാഹത്തെക്കുറിച്ചും കുടുംബത്തെക്കുറിച്ചും ഈ പ്രമാണരേഖ വ്യക്തമായി പഠിപ്പിക്കുന്നുണ്ട്. ''സ്രഷ്ടാവ് സ്ഥാപിച്ചതും അവിടുത്തെ നിയമങ്ങളിൽ അധിഷ്ഠിതവുമായ വൈവാഹികജീവിതത്തിന്റെയും സ്നേഹത്തിന്റെയും ബലവത്തായ ഈ പരസ്പരൈക്യം അലംഘനീയവും വ്യക്തിപരവുമായ സമ്മതത്തിൽ അഥവാ ദാമ്പത്യ ഉടമ്പടിയിൽ സ്ഥിതീകൃതമാണ്. അതുകൊണ്ട് ഭാര്യാഭർത്താക്കന്മാർ പരസ്പരം നല്കുകയും സ്വീകരിക്കുകയും ചെയ്യുന്ന മാനുഷിക പ്രക്രിയ വഴി ദൈവനിശ്ചയമനുസരിച്ച് സമൂഹത്തിന്റെ മുമ്പിലും സുദൃഢമായ ഈ ജീവിതസ്ഥിതി ഉടലെടുക്കുന്നു...'' (n.48). ദാമ്പത്യസ്നേഹത്തിന്റെ മനോഹരമായ ഒരു വിശദീകരണം 49–ാം

ഖണ്ഡിക നല്കുന്നുണ്ട്. ദാമ്പത്യസ്നേഹവും സന്താനോത്പാദനവും സത്താപരമായി പരസ്പരം ബന്ധപ്പെട്ട കാര്യങ്ങളാണ് എന്നു പിതാക്കന്മാർ ശക്തമായി പഠിപ്പിക്കുന്നു. ഒന്നു മറ്റൊന്നിനു കീഴെയല്ല; മുകളിലുമല്ല. മറിച്ച്, തുല്യപ്രാധാന്യമുള്ള കാര്യങ്ങളാണ്. ലൈംഗികതയുടെയും വിവാഹത്തിന്റെയും കുടുംബത്തിന്റെയും സ്നേഹസംദായകവും ജീവസംദായകവുമായ മാനങ്ങൾ തമ്മിലുള്ള ദൃഢമായ ഐക്യം ഈ പ്രമാണരേഖ ഊന്നിപ്പറയുന്നു (nos. 48-51). ‘‘...അങ്ങനെ മാനുഷികവും ക്രിസ്തീയവുമായ ചുമതലാബോധത്തോടുകൂടി ദമ്പതിമാർ തങ്ങളുടെ ജോലി നിർവ്വഹിക്കേണ്ടതാണ്. ദൈവത്തോടുള്ള വിധേയത്വപൂർണ്ണമായ ബഹുമാനത്തോടുകൂടി പൊതുവായ ആലോചനയും പരിശ്രമവും വഴി അവർ ശരിയായ നിഗമനങ്ങളിലെത്തും. തങ്ങളുടെതന്നെ നന്മയും തങ്ങൾക്കു ജനിച്ചിട്ടുള്ളവരും ജനിക്കാനിരിക്കുന്നവരുമായ മക്കളുടെ നന്മയും അവർ കണക്കിലെടുക്കുന്നു. കൂടാതെ, തങ്ങളുടെ കാലത്തിന്റെയും പരിതോവസ്ഥകളുടെയും ഭൗതികവും ആത്മീയവുമായ സാഹചര്യങ്ങളെയും ശ്രദ്ധാപൂർവ്വം പരിഗണിക്കുന്നു. അവസാനമായി കുടുംബത്തിന്റെയും രാഷ്ട്രത്തിന്റെയും തിരുസ്സഭയുടെയും താത്പര്യങ്ങൾ സംരക്ഷിക്കണം. ദൈവതിരുമുമ്പിൽ മേൽപറഞ്ഞ തരത്തിലുള്ള തീരുമാനം ആത്യന്തികമായി എടുക്കേണ്ടതു ദമ്പതികൾ തന്നെയാണ്...’’(n.50). മനുഷ്യജീവനെ ആദരിച്ചുകൊണ്ടുള്ള ദാമ്പത്യസ്നേഹമാണ് എവിടെയും പ്രോത്സാഹിപ്പിക്കപ്പെടേണ്ടത്. മനുഷ്യജീവൻ അതിന്റെ ഉദ്ഭവത്തിന്റെ ആദ്യക്ഷണം മുതൽ അതീവ ശ്രദ്ധയോടുകൂടി സംരക്ഷിക്കപ്പെടണമെന്നും ഗർഭഛിദ്രവും ശിശുവധവും കടുത്ത തിന്മകളാണെന്നും കൗൺസിൽ പ്രമാണ രേഖ അസന്ദിഗ്ദമായി പഠിപ്പിക്കുന്നുണ്ട് (n. 51). വൈവാഹിക വിശ്വസ്തയും ചാരിത്ര്യശുദ്ധിയും വിവാഹ ജീവിതത്തെ ഊട്ടി ഉറപ്പിക്കുന്നുവെന്നും നിത്യജീവിതവുമായി ബന്ധപ്പെടുത്തിവേണം വിവാഹത്തെ മനസ്സിലാക്കുവാനെന്നും പിതാക്കന്മാർ നമ്മെ ഓർമ്മപ്പെടുത്തുന്നു.

**v)** മനുഷ്യസംസ്കാരങ്ങളുടെ പ്രസക്തി : സംസ്കാരങ്ങളോടുള്ള സഭയുടെ ഭാവാത്മകമായ ദർശനങ്ങൾ ഈ പ്രമാണരേഖ നൽകുന്നുണ്ട്. മനുഷ്യപ്രകൃതിയും സംസ്കാരങ്ങളും തമ്മിൽ വളരെ അഭേദ്യമായ ബന്ധമുണ്ട്. സംസ്കാരങ്ങളിലൂടെ മനുഷ്യപ്രകൃതി വളരുകയും വികസിക്കുകയും ചെയ്യുന്നു. സംസ്കാരത്തിനു കൗൺസിൽ നല്കുന്ന നിർവചനം ശ്രദ്ധേയമാണ്. ‘‘മനുഷ്യന്റെ മാനസികവും ശാരീരികവുമായ വിവിധ കഴിവുകളെ സംസ്കരിക്കുകയും വികസിപ്പിക്കുകയും ചെയ്യുന്ന എല്ലാറ്റിനെയും വ്യാപകാർത്ഥത്തിൽ സംസ്കാരമെന്നു വിശേഷിപ്പിക്കാം’’ (n.53). വിവിധങ്ങളായ സംസ്കാരങ്ങളിലൂടെ മനുഷ്യൻ തന്നെത്തന്നെ രൂപവത്കരിക്കുന്നു. ‘മനുഷ്യനാണ് സംസ്കാരത്തിന്റെ ശില്പി’

എന്നു സൂനഹദോസ് അസന്ദിഗ്ധമായി പ്രസ്താവിക്കുന്നു. അതിനാൽ ശരിയായ സാംസ്കാരിക അഭിവൃദ്ധിയും വളർച്ചയും നിരന്തരമായി നടക്കേണ്ടതുണ്ട്. വിശ്വാസവും സുവിശേഷവും വിവിധ സംസ്കാരങ്ങളുടെ സഹവർത്തിത്വവും സംസ്കാരങ്ങളുടെ യഥാർത്ഥ പുരോഗതിക്കു മാർഗ്ഗനിർദ്ദേശമേകുന്നുണ്ട്. ഈശോയുടെ സുവിശേഷ സന്ദേശങ്ങൾ മനുഷ്യ ജീവിതത്തെയും സംസ്കാരങ്ങളെയും നിരന്തരമായി ഉത്തേജിപ്പിക്കുകയും സമ്പന്നമാക്കുകയും ചെയ്യുന്നു. ഏതെങ്കിലുമൊരു സംസ്കാരത്തോടോ, ജനവിഭാഗത്തോടോ തിരുസ്സഭ തന്നെത്തന്നെ സാത്മീകരിക്കുന്നില്ല (n.58). സാംസ്കാരിക വൈവിധ്യങ്ങളെ സഭ മാനിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു (n.60). മനുഷ്യന്റെ സമഗ്രമായ വളർച്ചയും സമൂഹത്തിന്റെയും മനുഷ്യവംശം മുഴുവന്റെയും നന്മയുമാണു സാംസ്കാരിക പരിശീലനം വഴി സാധിതമാകേണ്ടത്. അനേകം പ്രാദേശിക സംസ്കാരങ്ങൾ കൂടിച്ചേരുന്നതാണു സാർവ്വത്രികമായ മാനവസംസ്കാരം. ഓരോ നാടിന്റെയും പ്രാദേശിക സംസ്കാരങ്ങളും പ്രത്യേകതകളും പ്രോത്സാഹിപ്പിക്കപ്പെടണമെന്നും അങ്ങനെ വിവിധ സംസ്കാരങ്ങളുടെ പരസ്പര സഹവർത്തിത്വവും ഐക്യദാർഢ്യവും യാഥാർത്ഥ്യമാകണമെന്നും പിതാക്കന്മാർ തീവ്രമായി ആഗ്രഹിക്കുന്നു.